| 23-02-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾ സ്നേഹത്തോടെ പറയുന്നു. മധുരമായ ബാബാ അപ്പോൾ മുഖം മധുരിക്കുന്നു, ഈശ്വരൻ അല്ലെങ്കിൽ പ്രഭു എന്ന് പറയുമ്പോൾ ആ രസം ഉണ്ടാവുകയില്ല.**

**ചോദ്യം:-** സർവ്വശക്തിമാനായ ബാബയുടെ ഏതൊരു കർത്തവ്യമാണ് മനുഷ്യരുടേതല്ലാത്തത്?
**ഉത്തരം:-** പതീത ആത്മാക്കളെ പാവനമാക്കുക, മുഴുവൻ വിശ്വത്തെ പുതിയതാക്കുക. ഈ ജോലി ബാബയുടേതാണ്, ബാബയാണ് പാവനമാകാനുള്ള ശക്തി നല്കുന്നത്. ഈ ജോലി മനുഷ്യർക്ക് ചെയ്യാൻ സാധിക്കില്ല. മനുഷ്യർ കരുതുന്നത് ഭഗവാന് എന്താഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കും. നമ്മുടെ രോഗം ശരിയാക്കാൻ സാധിക്കും. ബാബ പറയുന്നു - ഞാൻ ഇങ്ങനെയുള്ള ആശിർവാദം ചെയ്യില്ല. ഞാൻ പാവനമാകാനുള്ള യുക്തിയാണ് പറഞ്ഞുതരുന്നത്.

**ഗീതം:-** ഉണരൂ പ്രിയതമകളേ ഉണരൂ.....

**ഓം ശാന്തി**. പരിധിയില്ലാത്ത അച്ഛൻ കുട്ടികളെ ഉണർത്തുകയാണ്. ഏതൊരു മാതാ-പിതാവിൽ നിന്നാണോ സുഖം ലഭിക്കേണ്ടത് ആ മാതാ-പിതാവ് വന്ന് അന്ധകാരമായ രാത്രിയിൽ നിന്ന് ഉണർത്തുന്നു. നിങ്ങൾ ആ മാതാ-പിതാവിന്റെ കുട്ടികളാണ്, അറിയാം ഞങ്ങൾ ഘോര അന്ധകാരത്തിലായിരുന്നു. ഇപ്പോൾ ഉണരുകയാണ്. എല്ലാം ഈശ്വരന്റെ കുടുംബമാണ്. ലോകത്തിലെ മുഴുവൻ മനുഷ്യരും ഈ മുഴുവൻ ലോകവും ഗോഡ്ഫാദറിന്റെ ഫാമിലി (കുടുംബം) ആണ്. മാതാ പിതാവെന്ന് ഗോഡ് ഫാദറിനെയാണ് വിളിക്കുന്നത്. ഗോഡ് ഫാദറില്ലാതെ മാതാവിലൂടെ തന്റെ കുട്ടികൾക്ക് എങ്ങനെ ജന്മം നല്കും. അങ്ങ് മാതാ പിതാവെന്ന് ഭാരതവാസികൾ പ്രത്യേകിച്ച് വിളിക്കുന്നു. എങ്കിൽ ഇതാകുന്നു കുടുംബം. അവർ പാടുകമാത്രം ചെയ്യുന്നു. എന്നാൽ നിങ്ങൾ ഇവിടെ യഥാർത്ഥത്തിൽ ഉണ്ട്. കൂടാതെ ഗോഡ്ഫാദർ തന്റെ കുടുംബത്തെ ഉണർത്തിയിരിക്കുന്നു. ഉണരൂ മക്കളേ ഇപ്പോൾ രാത്രി പൂർത്തിയാകുകയാണ്. പകൽ വരാൻ പോകുന്നു. ജ്ഞാന സൂര്യൻ പ്രകടമായി - എന്നു പാടാറുണ്ട്. എന്നാൽ അർത്ഥമൊന്നും മനസിലാക്കുന്നില്ല. എത്ര തന്നെ വേദശാസ്ത്രങ്ങൾ പഠിച്ചവരാണെങ്കിലും ഒന്നും മനസിലാക്കുന്നില്ല. മനസിലാക്കിയവർ നല്ല സമ്പാദ്യം ഉണ്ടാക്കുന്നു. അറിവില്ലാത്തവർ നിർധനരാകുന്നു. ബാബ പറയുന്നു.- കുട്ടികളേ മായ നിങ്ങളെ എത്ര അവിവേകികളാക്കി. ഒരു വശത്ത് ഓ ഗോഡ് ഫാദർ എന്നു വിളിക്കുന്നു. മറുവശത്ത് പരമാത്മാവ് സർവ്വവ്യാപിയാണെന്നും പറയുന്നു. ഒരു വശത്ത് പറയുന്നു, സർവ്വ മനുഷ്യരും സഹോദരൻമാരാണ് അഥവാ നാം ഒരച്ഛന്റെ കുട്ടിയാണ് പിന്നെ പറയുന്നു എവിടെ നോക്കിയാലും നീ തന്നെ നീ അർത്ഥം നാം എല്ലാവരും അച്ഛന്മാരാണ്.

ഇപ്പോൾ ബാബ പറയുന്നു - കുട്ടികളേ നിങ്ങൾക്കറിയാം നാം വരുന്നത് പരംധാമത്തിൽ നിന്നാണ്. ഓ ഗോഡ് ഫാദർ എന്ന് സർവ്വ ധർമ്മത്തിലുള്ളവരും ഏതെങ്കിലും ഭാഷയിൽ പറയുന്നു. അപ്പോൾ അച്ഛനും അമ്മയുമുള്ള കുടുംബമായി. ബാബ പറയുന്നു, നിങ്ങൾ ആരെയാണോ ഓർമ്മിക്കുന്നത് അവരുടെ കർത്തവ്യത്തെ അറിഞ്ഞിരിക്കേണ്ടേ. ബാബയാണ് ഇത്ര വലിയ സൃഷ്ടി രചിച്ചത്. ബാബയിൽ മുഴുവൻ ജ്ഞാനമുണ്ട്. ബാബയെ ജ്ഞാന സാഗരൻ, ജ്ഞാനസ്വരൂപൻ എന്നു വിളിക്കുന്നു. ബാബയെ സത്യമെന്ന് പറയാറുണ്ട്. സത്യം പറയുന്നവനാണ് കൂടാതെ സദാ അമരനാണ്. അമരകഥ കേൾപ്പിക്കുന്നു.

ഇപ്പോൾ നിങ്ങൾക്കറിയാം അമരനാഥനായ ശിവബാബ നമുക്ക് അമരകഥ കേൾപ്പിച്ച് അമരലോകത്തിന്റെ അധികാരിയാക്കുന്നു. ആരൊക്കെയാണോ പഠിക്കുന്ന ആൺമക്കളും പെൺമക്കളും അവരൊക്കെ ആരുടെ കുട്ടികളാണ്? മാതാ പിതാവിന്റെ. നിങ്ങൾ സർവ്വരും പാർവ്വതിമാരാണ്. നിങ്ങൾക്ക് അമരകഥ കേൾപ്പിച്ചു തരുന്നു. 5000 വർഷം മുമ്പ് സ്വർഗ്ഗമായിരുന്നു. സൃഷ്ടിയുടെ ഈ നാടകം കറങ്ങിക്കൊണ്ടിരിക്കുന്നു. സത്യയുഗം, ത്രേതാ.....പുതിയ വീട് പഴയതാകുന്നു. ഇപ്പോൾ നിങ്ങളുടെ കയറുന്ന കലയാണ്. നിങ്ങളുടെ കയറുന്ന കലയിലൂടെ സർവ്വർക്കും നന്മ എന്ന് മഹിമ പാടാറുണ്ട്. സർവ്വ മനുഷ്യരും തമോപ്രധാന ദുഃഖത്തിൽ നിന്ന് മോചിതരായി സതോപ്രധാനമാകുന്നു. സൃഷ്ടി സതോപ്രധാനമാകുന്നു. പരമപിതാ പരമാത്മാ അല്ലെങ്കിൽ ഈശ്വരൻ എന്ന് വിളിക്കുമ്പോൾ അച്ഛൻ എന്ന് വിളിക്കുന്ന രസം ലഭിക്കുകയില്ല. ബാബ എന്ന് പറയുമ്പോൾ ആസ്തിയുടെ സുഗന്ധം വരുന്നു. കാരണം കുട്ടി എന്ന് മനസിലാക്കുന്നു. നാം ബാബയുടെ കുട്ടികളാണ്, സർവ്വ ആത്മാക്കളും കുട്ടികളാണ് എന്നാൽ ഇപ്പോളാണ് ബാബ ഈ രചന രചിച്ചിരിക്കുന്നത്. പതീതപാവന സീതാരാം എന്ന് പറയുന്നു. പതീത പാവനാ വരൂ എന്ന് സത്യയു

ഗത്തിൽ ലക്ഷ്മീ നാരായണൻ വിളിക്കില്ല. കാരണം അവർ പാവനമാണ്. സന്ന്യാസിമാരെല്ലാം പാടിക്കൊണ്ടിരിക്കുന്നു. ഗാന്ധിജിയും പാടിയിരുന്നു. – പുതിയ ലോകം, പുതിയ ഭാരതത്തിൽ പുതിയ രാമരാജ്യം വരണം, കൈയ്യിൽ ഗീത എടുക്കുമായിരുന്നു. കാരണം ഗീതയിലൂടെയാണ് മഹാവിനാശമുണ്ടായത് കൂടാതെ പുതിയ ലോകം സ്ഥാപിക്കപ്പെട്ടതെന്ന് അറിയാമായിരുന്നു. ഗീതയാണ് സർവ്വ ശാസ്ത്രമയി ശിരോമണി ഗീതാ മാതാ. ശരി – മാതാവിന്റെ പതിയാരാണ്? ഭഗവാൻ. ഭഗവാനാണ് പതീതരെ പാവനമാക്കുന്നത്. ഭഗവാന്റെ വചനമാണ്.......... എന്നു പറയുന്നു. കൃഷ്ണനെ പതീത പാവനനെന്ന് പറയാൻ സാധിക്കില്ല. മനുഷ്യന് ഒരിക്കലും പതീതരെ പാവനമാക്കാൻ സാധിക്കില്ല.

ഇപ്പോൾ മധുരമധുരമായ നിങ്ങൾ കുട്ടികൾ പറയുന്നു. – ആത്മാവും പരമാത്മാവും വളരെക്കാലമായി വേർപിരിഞ്ഞിരിക്കുകയായിരുന്നു.... പറയാറുണ്ട്, മഹാൻ ആത്മാവ്, പുണ്യാത്മാവ്.... എന്നാൽ മഹാൻ പരമാത്മാവ് എന്ന് പറയില്ല. പിന്നെ എന്തിനാണ് തന്നെ ശിവോഹം പരമാത്മാവ് എന്നിങ്ങനെ പറയുന്നത്. പുണ്യാത്മാവ്, പാപാത്മാവ് എന്ന് പറയുന്നു. പിന്നെ നിർലേപമെന്നും പറയുന്നു. നിങ്ങൾ ബ്രാഹ്മണർ 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. ഭാരതത്തിലാണ് മുഴുവൻ കളികളും നടക്കുന്നത്. ഇത് ബ്രഹ്മാവല്ല ശിവബാബയാണ് മനസിലാക്കി തരുന്നത്. ബ്രഹ്മാവിനെ കാള (നന്ദി)യായി ഉണ്ടാക്കിയിരുന്നു. ഭ്രൂകുടിയിൽ ശിവനെ കാണിക്കുന്നു. ശിവന്റെ സവാരി ഭ്രുകുടിയിലാണ്.

ചിലർ പിതൃക്കളെ കഴിപ്പിക്കുന്നു. ആത്മാവിനെ വിളിക്കുന്നു, അവർ വന്ന് അടുത്തിരിക്കുന്നു. ആത്മാവ് ഒരു നക്ഷത്രം പോലെയാണ് ഭ്രൂകുടിക്ക് മദ്ധ്യത്തിൽ തിളങ്ങുന്നു എന്ന് പറയാറുണ്ട്. ഇപ്പോൾ നിങ്ങൾക്കറിയാം ഇത് പരിധിയില്ലാത്ത വലിയ കളിയാണ്. ഓരോരോ സെക്കന്റും കടന്നു പോകുന്നതിൽ മനുഷ്യർ ഡ്രാമയുടെ ആധാരത്തിൽ ആക്ട് ചെയ്യുന്നു. മനുഷ്യർ എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല. ചിലരൊക്കെ ഇപ്പോഴും മുകളിൽ നിന്ന് വന്നു കൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു– ഉണരൂ പ്രിയതമകളേ.... കന്യകൾ വിവാഹം കഴിക്കുമ്പോൾ അവരുടെ ശിരസിൽ മൺചട്ടിവച്ച് അതിൽ ദീപം കത്തിക്കുന്നു. ബാബ പറയുന്നു. നിങ്ങളുടെ ആത്മാവിന്റെ ജ്യോതിയുടെ എണ്ണ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. ഇപ്പോൾ എന്നെ ഓർമ്മിക്കു. എങ്കിൽ എണ്ണ നിറഞ്ഞ് നിറഞ്ഞ് ദീപം കത്താൻ തുടങ്ങും. പിന്നെ നിങ്ങൾ എന്റരികിലേക്ക് എത്തിച്ചേരും. ആ നിരാകാരിയായ ബാബയാണ് ക്രിയേറ്റർ, ഡയറക്ടർ കൂടാതെ മുഖ്യ ആക്ടർ. ആരെയാണ് ഓർമ്മിക്കുന്നത്? എന്താ ബ്രഹ്മാവിനെയാണോ? വിഷ്ണുവിനെയാണോ? പാടില്ല. ദുഃഖത്തിൽ സർവ്വരും ഗോഡ് ഫാദറിനെ ഓർമ്മിക്കുന്നു. ഇത് സുഖ–ദുഃഖത്തിന്റെ, ജയപരാജയത്തിന്റെ കളിയാണ്. മായ പരാജയപ്പെടുത്തുന്നു, ബാബ വിജയിപ്പിക്കുന്നു. പറയുന്നു – ഞാനാണ് സർവ്വശക്തിവാൻ. ഞാൻ രോഗിയാണ്, ഭഗവാൻ ആശിർവദിച്ചാൽ ഞാൻ ശരിയാകും.... ഇങ്ങനെ വിചാരിക്കരുത്. ഞാൻ വന്നിരിക്കുന്നത് പതീതരെ പാവനമാക്കാൻ, ശ്രീമതം നൽകാനാണ്. ഏറ്റവും ശ്രേഷ്ഠം ശിവബാബ പിന്നെ സംഖ്യാക്രമമനുസരിച്ചാണ്. മാലയും ഇല്ലേ ഞങ്ങൾ ഈശ്വരീയ കുടുംബത്തിലേതാണെന്ന് നിങ്ങൾക്കറിയാം.

ശിവബാബയുടെ മഹിമ അപാരപരമായിരിക്കുന്നതുപോലെ രചനയുടെ മഹിമയും അപാരമാണ്. അതുപോലെ ഭാരതത്തിന്റെ മഹിമയും അപാരമാണ്. ഭാരതത്തിലാണ് വജ്രങ്ങളുടെയും രത്നങ്ങളുടെയും കൊട്ടാരങ്ങളുണ്ടായിരുന്നത്. ഈശ്വരൻ രചയിതാവാണെങ്കിൽ മാതാവും വേണം. നിങ്ങൾ ഇവിടെയിരിക്കുമ്പോൾ ആദ്യം ബാബയുടെ ഓർമ്മ വരണം. പിന്നെ സൂക്ഷ്മവതനവാസികളായ ബ്രഹ്മാവിഷ്ണു ശങ്കരന്റെ ബ്രഹ്മാവിലൂടെ സ്ഥാപന നടക്കുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരീയ കുടുംബത്തിലേതാണ്. പിന്നീട് ദൈവീക കുടുംബം ഉണ്ടാകും. അതും സംഗമയുഗത്തിലാണ്. സൂര്യവംശി, ചന്ദ്രവംശി, വിരാടരൂപത്തിന്റെ ചിത്രമുണ്ട്. കേവലം കുടുമി മാത്രം കാണിച്ചിട്ടില്ല. ദേവതാ, ക്ഷത്രിയർ....എന്നാൽ ദേവതകൾക്ക് മുമ്പ് എന്തായിരുന്നു? ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ പറയുന്നു. മൻമനാഭവ. എന്നോടൊപ്പം ബുദ്ധിയോഗം ചേർക്കൂ. പിന്നീട് പരിധിയില്ലാത്ത ആസ്തി എടുക്കൂ. ജന്മ ജന്മാന്തരം എടുത്തിട്ടുണ്ട്. സത്യയുഗ, ത്രേതാ വരെ 21 ജന്മം പരിധിയില്ലാത്ത ആസ്തി നേടിയിരുന്നു. ഇപ്പോളൊന്നുമില്ല, വീണ്ടും ബാബയിൽ നിന്ന് എടുക്കണം അവർ പറയുന്നു. പരമാത്മാവ് നാമരൂപത്തിൽ നിന്ന് വേറിട്ടതാണ് എങ്കിൽ പരമാത്മാവ് എങ്ങനെ ഇവിടെ വരും. ഗീതയിൽ എഴുതിയിട്ടുണ്ട്. ശ്രീമത് ഭഗവത് ഗീത. ഭഗവാൻ വാച എന്നാണ് പറഞ്ഞിരിക്കുന്നത്. കൃഷ്ണനെ ഭഗവാനാണെന്ന് മാനിക്കില്ല. ഇതെല്ലാം ഡ്രാമയിൽ എഴുതിയിട്ടുള്ളത്. ഭഗവാൻ നിരാകാരിയാണ്. ജ്ഞാന സാഗരനാണ്. പിന്നീട് രാജ്യം ഭരിച്ചവരുടെ മഹിമ വേറെയാണ്. അവർ സർവ്വ ഗുണ സമ്പന്നം 16 കലാ സമ്പൂർണ്ണം ആയിരുന്നു. ഇപ്പോൾ സർവ്വരും ഹിംസയാകുന്ന കാമകഠാര ഉപയോഗിക്കുന്നവരാണ്. ലക്ഷ്മീ നാരായണനെ ഇങ്ങനെ പറയില്ല. അവർ സമ്പൂർണ്ണ ശ്രേഷ്ഠാചാരികളായിരുന്നു. അങ്ങനെ ബാബയുടെ മഹിമ വേറെയാണ്. ഓരോ മനുഷ്യനും വെവ്വേറെ പാർട്ടുണ്ട്.

ഇത്ര ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടടങ്ങിയിരിക്കുന്നു. ഞാനും ആത്മാവാണ്. എന്നാൽ എന്നെ പരമാത്മാവ് എന്ന് പറയുന്നു. ഭാരതീയ മാർഗ്ഗത്താൽ വലിയ വലിയ ലിംഗങ്ങൾ ഉണ്ടാക്കുന്നു. അതും തെറ്റാണ് സർവ്വരുടെ ആത്മാവ് ഒരു പോലെ നക്ഷത്ര സമാനമാകുന്നു. ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രൻ ജ്ഞാന നക്ഷത്രങ്ങളുണ്ട്. ഡ്രാമയിൽ ഇത്രയും പാർട്ട്ധാരികളുണ്ട്. ഓരോരുത്തർക്കും തന്റേതായ പാർട്ടുണ്ട്. ഈ ഡ്രാമ എങ്ങനെയൊക്കെയാണ് ഉണ്ടായിരിക്കുന്നത്. ഇതിനെയാണ് പ്രകൃതിയിലുള്ള നാടകമെന്ന് പറയുന്നത്. ബാക്കി ആ നാടകങ്ങൾ സാധാരണമാണ്. 4 മണിക്കൂറിന്റെ റീൽ ആയിരിക്കും. ഇതിന്റെ റീൽ 5000 വർഷത്തിന്റേതാണ്. അവർ പറയുന്നു കലിയുഗത്തിന്റെ ആയുസ്സ് 4 ലക്ഷം 32 ആയിരം വർഷമെന്ന്. എത്ര പൊള്ളയാണ്. മരണം മുന്നിലുണ്ട് എന്നിട്ടും ഘോര അന്ധകാരത്തിലാണ്.

ബാബ പറയുന്നു-ഇപ്പോൾ ഉണരൂ, നിങ്ങൾ ഭക്തർ ഭഗവാനെ ഓർമ്മിച്ചാണ് വന്നത്. ഇപ്പോൾ ബാബ പറയുന്നു- ഭക്തിമാർഗ്ഗം ഇല്ലാതാകാൻ പോകുന്നു. ജ്ഞാനത്താൽ പ്രകാശിപ്പിക്കാൻ ഞാൻ വന്നിരിക്കുന്നു. ഇപ്പോൾ മനുഷ്യരെ നോക്കൂ എത്ര ക്രോധമാണ്. യുദ്ധവും പഠിച്ചുകൊണ്ടിരിക്കുന്നു. രാവണരാജ്യം ആരംഭിക്കുമ്പോളാണ് ഇതെല്ലാ ആരംഭിക്കുന്നത്. സത്യയുഗത്തിൽ രാമരാജ്യമാണ്. ഇപ്പോൾ ബാബ പറയുന്നു- ഞാൻ നിങ്ങൾ കുട്ടികളെ രാജാക്കന്മാരുടെയും രാജാവാക്കുന്നു. പിന്നീട് നിങ്ങൾ വീഴുമ്പോൾ പാവന രാജാക്കന്മാർ പതീതരാകുന്നു. ഇപ്പോൾ അവരുമില്ല. ശിവബാബ ഈ ബ്രഹ്മാവിലുടെയാണ് കേൾപ്പിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾ എപ്പോഴും മനസിലാക്കണം. ജ്ഞാനം കേട്ട് ഈ മഹാരാജാ മഹാറാണി ആയവർ ഇപ്പോൾ പതീതമായിരിക്കുന്നു. ഇത് ആസുരീയ സൃഷ്ടിയാണ്. അതാണ് ഈശ്വരീയ സൃഷ്ടി. രാമൻ, രാവണൻ എന്ന പേര് പ്രശസ്തമാണ്. രാവണന്റെ അർത്ഥം ആരും മനസിലാക്കുന്നില്ല. നരനിലും നാരിയിലും 5 വികാരമുണ്ട് അതുകൊണ്ടാണ് 10 തല കാണിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഇതിനെ രാവണരാജ്യമെന്ന് പറയുന്നത്. ദീപാവലിയിൽ പൂജ ചെയ്യുന്നു. മഹാലക്ഷ്മിക്ക് 4 ഭുജങ്ങൾ കാണിച്ചിരിക്കുന്നു. രണ്ടെണ്ണം ലക്ഷ്മിയുടെ രണ്ടെണ്ണം നാരായണന്റേതാണ്. അല്ലാതെ വിഷ്ണു മറ്റൊന്നുമല്ല. ഇപ്പോൾ നിങ്ങൾ രാജാക്കന്മാരുടെയും രാജാവാകും, ഇരട്ട കിരീടധാരിയാകും. ഇപ്പോൾ നിങ്ങൾ സ്വദർശന ചക്രധാരിയാകുന്നു. നാം 84 ജന്മങ്ങൾ എടുക്കുന്നു എന്ന് നിങ്ങൾക്കറിയാം. പരിധിയുള്ള അച്ഛനിൽ നിന്ന് പരിധിയുള്ള സുഖം ലഭിക്കുന്നു. സത്യയുഗം ബ്രഹ്മാവിന്റെ പകൽ, കലിയുഗം ബ്രഹ്മാവിന്റെ രാത്രിയാണ്. പ്രജാപിതാവ് തീർച്ചയായും ഇവിടയാണുള്ളത്. സർവ്വരും ശിവബാബയുടെ സന്താനങ്ങളാണ്. പിന്നീട് ബ്രഹ്മാവിലൂടെ ബ്രാഹ്മണരേയും ബ്രാഹ്മണിമാരെയും രചിക്കുന്നു. അല്ലെങ്കിൽ എങ്ങനെ ഇത്രയും കുട്ടികളെ ദത്തെടുക്കും. ശിവബാബ ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു. നിങ്ങൾ എന്റേതാണെന്ന് ബാബ പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് പുതിയ ജന്മം ലഭിക്കുന്നു.

മുത്തച്ഛന്റെ സ്വത്തായ വിശ്വരാജ്യാധികാരം നിങ്ങൾക്ക് ബ്രഹ്മാവിലൂടെ ലഭിക്കുന്നു. ബ്രഹ്മാവിനെ സൂക്ഷ്മവതനത്തിൽ കാണിച്ചിരിക്കുന്നു. എന്നാൽ അവിടെ എങ്ങനെ കണ്ടുമുട്ടും. ബാബയ്ക്ക് മുരളി പറയാൻ തീർച്ചയായും രഥം വേണം. ഗീതയാണ് ഭാരതത്തിന്റെ നമ്പർ വൺ ശാസ്ത്രം. ബാക്കി എല്ലാ ശാസ്ത്രങ്ങളും ഗീതയുടെ കുട്ടികളാണെന്ന് പറയാം. ആദ്യം ദേവതകളുടെ വംശമാണ്. പിന്നെ ക്ഷത്രിയരുടെ.... ഏത് ധർമ്മവും സ്ഥാപിക്കപ്പെടുമ്പോൾ ആദ്യം സതോ പിന്നെ രജോ തമോയിലേക്ക് വരുന്നു. ക്രിസ്തു വന്നപ്പോൾ ആദ്യം പവിത്രമായിരുന്നു. വികർമ്മം ഉണ്ടാകാത്തിടത്തോളം ശിക്ഷ ലഭിക്കുകയില്ല. സത്യയുഗത്തിൽ പവിത്ര ആത്മാക്കൾ വരും. അവിടെ മായയേ ഇല്ല. അതുകൊണ്ട് ദുഃഖവുമില്ല. വാമമാർഗ്ഗത്തിലേക്ക് പോകുമ്പോളാണ് നാം വികർമ്മം ചെയ്യാൻ തുടങ്ങുന്നത്. ഇത് മനസിലാക്കേണ്ട കാര്യമാണ്. വികർമ്മാജീത് സംവത്സരത്തിന് ശേഷം വികർമ്മി സംവത്സരം ആരംഭിക്കുന്നു. കഥകൾ വളരെയധികമുണ്ട്. മോഹാജീത് രാജാവിന്റെ കഥയുണ്ട്. ലക്ഷ്മീ നാരായണനാണ് മോഹാജീത് (മോഹത്തെ ജയിച്ചവർ). അതാണ് രാമരാജ്യം. ഇപ്പോൾ രാവണ രാജ്യമാണ്. രാവണനെ കത്തിക്കുന്നു. അരകല്പം രാമരാജ്യം. പിന്നീട് അരകല്പത്തിനുശേഷം രാവണ രാജ്യം വരുന്നു. ഈ സ്വദർശന ചക്രത്തെ നിങ്ങൾക്കറിയാം. നിങ്ങൾ എല്ലാവരും ഗോഡ്ഫാദറിന്റെ കുട്ടികളാണ്. ഡയറക്ട് ബാബ നിങ്ങളെ ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു. അതുകൊണ്ട് നിങ്ങളെ നഷ്ടപ്പെട്ട് വീണ്ടുകിട്ടിയ കുട്ടികൾ എന്ന് പറയുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ആത്മാവാകുന്ന ദീപത്തെ സദാ തെളിയിച്ച് വയ്ക്കുവാനായി ഓർമ്മയാകുന്ന എണ്ണ ഒഴിച്ചുകൊണ്ടിരിക്കൂ. ഓർമ്മയിലൂടെ ആത്മാവിനെ സതോപ്രധാനമാക്കണം.

2) സദാ ജ്ഞാനത്തിന്റെ പ്രകാശത്തിലിരിക്കണം. പരിധിയില്ലാത്ത നാടകത്തെ (ഡ്രാമ) ബുദ്ധിയിൽ വെച്ച് സ്വദർശന ചക്രധാരിയാകണം.

## വരദാനം:- വ്യർത്ഥ സങ്കൽപങ്ങളുടെ കുത്തൊഴുക്കിനെ സെക്കന്റിൽ നിർത്തി നിർവ്വികൽപ സ്ഥിതി ഉണ്ടാക്കുന്ന ശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കൂ

അഥവാ എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ തെറ്റ് സംഭവിച്ചതിന് ശേഷം എന്തുകൊണ്ട്, എന്ത്, എങ്ങനെ, ഇങ്ങനെയല്ല അങ്ങനെ... ഇത് ചിന്തിക്കുന്നതിൽ സമയം പാഴാക്കരുത്. എത്ര സമയം ചിന്താ സ്വരൂപമാകുന്നോ അത്രയും കറയുടെ മുകളിൽ കറ പതിപ്പിക്കുകയാണ്, പരീക്ഷയുടെ സമയം കുറച്ചായിരക്കും എന്നാൽ വ്യർത്ഥം ചിന്തിക്കുന്നതിന്റ സംസ്ക്കാരം പരീക്ഷയുടെ സമയത്തെ ദീർഘിപ്പിക്കുന്നു അതുകൊണ്ട് വ്യർത്ഥ സങ്കൽപങ്ങളുടെ കുത്തൊഴുക്കിനെ പരിവർത്തന ശക്തിയിലൂടെ സെക്കന്റിൽ നിർത്തൂ എങ്കിൽ നിർവ്വികൽപ സ്ഥിതി ഉണ്ടാകും. എപ്പോൾ ഈ സംസ്ക്കാരം ഇമർജാകുന്നോ അപ്പോൾ പറയും ഭാഗ്യവാൻ ആത്മാവ്.

## സ്ലോഗൻ:- സന്തോഷത്തിന്റെ ഖജനാവിനാൽ സമ്പന്നമാകൂ എങ്കിൽ മറ്റെല്ലാ ഖജനാവുകളും സ്വതവേ വരും.